



അവയവദാന ബോധവത്കരണ ക്ലാസ്സിന്റെയും (ഡിസംബർ 2)
ഹർത്താൽ അവകാശമോ? സംവാദത്തിന്റെയും (ഡിസംബർ 10)




*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad and Published at Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക–ദാർശനിക മാസിക**
**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 1 ലക്കം 7

വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 പൗഷ – മാഘ
1189 ധനു – മകരം 2014 ജനുവരി

വാർഷിക വരിസംഖ്യ: ₹60/- ദീർഘകാലം: ₹1000/-



**കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി (1921–2013)**
**സ്മൃതി ദിനം – ജനുവരി 24**

ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ

സ്വാമി വിവേകാനന്ദ ജയന്തി : ജനുവരി 12
നേതാജി സുബാഷ് ചന്ദ്രബോസ് ജന്മദിനം : ജനുവരി 23
ഗണതന്ത്രദിനം : ജനുവരി 26

*"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"*

# വേദാദ്ധ്യയനം



*ഋഷിഃ മധുച്ഛന്ദാ അശ്വിനൗ ദേവതാ നിച്യദ് ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ*

*അശ്വിനാ പുരുദംസസാ നരാ ശവീരയാ ധിയാ।ധിഷ്ണ്യാ വനതം ഗിരഃ॥*

*(ഋഗ്വേദം 1.3.2)*

**പദാർത്ഥം:** അല്ലയോ പണ്ഡിതൻമാരേ! നിങ്ങൾ (പുരുദംസസാ) ഏതിൽനിന്നാണോ ശിൽപ്പവിദ്യക്കായി അനേക കർമ്മസിദ്ധികൾ ലഭിക്കുന്നത് (ധിഷ്ണ്യാ) യാത്രയ്ക്ക് വേഗവും തീവ്രതയും നൽകുന്നത് (മേം) പ്രബലവും (നരാ) ആ വിദ്യയുടെ ഫലം നൽകുന്നതും (ശവീരയാ) വേഗതനൽകുന്നതും (ധിയാ) പ്രവർത്തനങ്ങളുടെ വിനിയോഗത്തിന് യുക്തമാക്കുന്ന അഗ്നിയും ജലവും അവ (ഗിരഃ) ശിൽപ്പവിദ്യയുടെ (കേ) ഗുണങ്ങളെ ഉണ്ടാക്കുന്ന വാണിയോടുകൂടി (വനതമ്) സേവിക്കുന്നത് അവയുടെ നല്ല പ്രകാരത്തിലുള്ള ഗുണങ്ങളെ അനുഭവിച്ചാലും.

**ഭാവാർത്ഥം:** അഗ്നിയുടെയും ജലത്തിന്റെയും ഉപയോഗം പ്രത്യക്ഷത്തിൽ കാണിക്കുന്നതിനായി മധ്യമപുരുഷന്റെ പ്രയോഗമാണിവിടെ ചെയ്തിരിക്കുന്നത്. ശാസ്ത്രീയ നേട്ടങ്ങൾ കൈവരിക്കുന്നതിനായി ബുദ്ധിശക്തിയും വ്യാവസായിക പ്രവർത്തനങ്ങളും നല്ല രീതിയിൽ ഉപയോഗിക്കണം.

മധ്യമ പുരുഷന്റെ വിഷയത്തിൽ നിരുക്തകാരൻ പറയുന്ന വിശേഷാഭിപ്രായത്തേ അറിയാതെയാണ് സായണാചാര്യർ, വിൽസൺ തുടങ്ങിയവർ ഈ മന്ത്രത്തെ മറ്റു തരത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നത്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

"ആര്യസമാജം നടന്നുകൊണ്ടിരുന്നാൽ ഹിന്ദുസമാജം എഴുന്നേറ്റ് നിൽക്കും. ആര്യസമാജം നിന്നാൽ ഹിന്ദു സമാജം ഇരിക്കും. ആര്യസമാജം ഇരുന്നാൽ ഹിന്ദുസമാജം ഉറങ്ങും. ആര്യസമാജം നിദ്രയിലാണ്ടാൽ ഹിന്ദുസമാജം മൃതിയടയും."

*പണ്ഡിറ്റ് മദൻ മോഹൻ മാളവ്യ*

*'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'*
*സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 1 ലക്കം 7

വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 പൗഷ - മാഘ
1189 ധനു - മകരം 2014 ജനുവരി



**പത്രാധിപ സമിതി**

മുഖ്യപത്രാധിപർ: കെ. വേലായുധ ആര്യ
പത്രാധിപർ : കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ
ആചാര്യ എസ്. ശ്രീധര ശർമ്മ
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 1 |
| ധർമ്മപാഠങ്ങൾ | : | 3 |
| ഋഗ്വേദപരിചയം | : | 5 |
| സംശയനിവാരിണി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| ഉപദേശ മഞ്ജരി | : | 10 |
| മഹർഷി ദയാനന്ദ സരസ്വതി | : | 11 |
| വാർത്തകൾ | : | 13 |



**വിലാസം :** **ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് 679 504.**
**Ph: 09562529095,**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

## നാസ്തികോ വേദനിന്ദകഃ



**ഉ**ത്തരായനം ആരംഭിക്കുകയായി. ഗണതന്ത്ര ദിനവും മകരസംക്രാന്തിയുമാണ് ഈ മാസത്തെ പ്രത്യേകതകൾ. ഈ അവസരത്തിൽ എല്ലാ വായനക്കാർക്കും ശുഭാശംസകൾ നേരുന്നു.

ഉത്തരായനകാലം യജ്ഞങ്ങളും പുണ്യകർമ്മങ്ങളും അനുഷ്ഠിക്കാൻ വളരെ ഉത്തമമായി കണക്കാക്കുന്നു. ഇത്തരം കർമ്മാനുഷ്ഠാനങ്ങൾ വ്യാപകമായിരുന്ന കാലം ആര്യാവർത്തം വിശ്വഗുരുസ്ഥാനമലങ്കരിച്ചിരുന്നു. വേദോക്തമായ ഉത്സവങ്ങൾ വളരെ ലുപ്തമാണിന്ന്. അതിന്റെ സ്ഥാനത്ത് അനേകം അനാചരങ്ങളും ധൂർത്തും കൊടികുത്തിവാഴുകയാണ്. നിരവധി മിണ്ടാപ്രാണികളെ ബലിയാക്കുന്ന - പീഡിപ്പിക്കുന്ന - അന്തരീക്ഷത്തേ മലീമസ

*സ ഹി സർവ്വവിത് സർവ്വകർത്താ ഈദൃശേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)*
*ആ പരമാത്മാവ് സർവ്വാന്തര്യമിയും സകലജഗത്തിന്റെയും കർത്താവുമാണ്.*
*ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.*

മാക്കുന്ന – നിർബന്ധിത പണപ്പിരിവുകൾ നടത്തി മദ്യത്തിലാറാടി കോടികൾ ചിലവാക്കി കൊണ്ടാടുന്ന പൂരങ്ങളും നേർച്ചകളും പള്ളിപെരുന്നാളുകളുമാണിനി നടക്കാൻ പോകുന്നത്. സാധുജീവികളായ ആനകളുടെ പീഡനം പരകാഷ്ഠയിലെത്തുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതരത്തിൽ മൽസരിച്ചുള്ള ഫ്ളക്സ് ബോർഡുകൾ ഉയർന്നു പൊങ്ങാൻ ഇനി അധികസമയം വേണ്ട. വെടിക്കെട്ടപകടവാർത്തകൾക്കായി നാം ഭീതിയോടെ കാത്തിരിക്കുകയാണ്. ദേവ പ്രീതിക്കായാണ് ഇത്തരം ആഘോഷങ്ങൾ നടത്തുന്നത് എങ്കിൽ ഏതു ദേവനാണ് ഈ ക്രൂരതകൾ കണ്ട് അനുഗ്രഹിക്കുക ?

ജനങ്ങളുടെ ഐക്യവും കൂട്ടായ്മയും ഉൽസാഹവും വർദ്ധിപ്പിക്കുന്നതിനായി നമ്മുടെ പൂർവ്വികർ ചിട്ടപ്പെടുത്തിയ ലളിതവും നിഷ്ഠക്ക് ഏറെ പ്രാധാന്യവുമുണ്ടായിരുന്ന ആഘോഷങ്ങളായിരുന്നു ഈ വേലകളും പൂരങ്ങളും നേർച്ചകളും. ഒരു ഇരുപത്തഞ്ച് വർഷം മുമ്പുവരെ അവ ഏതാണ്ടിത്തരത്തിൽ തന്നെയാണ് നടന്നിരുന്നത്. അപവാദങ്ങൾ കണ്ടേക്കാം. എന്നാലിന്നിത് സകല അതിർവരമ്പുകളും ഭേദിച്ചിരിക്കുന്നു. നമ്മുടെ പ്രമാണഗ്രന്ഥങ്ങളിലൊന്നും (ചതുർവ്വേദങ്ങൾ, ബ്രാഹ്മണതകൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ, ഗൃഹ്യ-ശ്രൗത സൂത്ര ഗ്രന്ഥങ്ങൾ. മനുസ്മൃതി തുടങ്ങിയ വേദാനുകൂലമായ ഗ്രന്ഥങ്ങൾ) ഇത്തരം ആനപ്പൂരങ്ങൾക്കും വെടിക്കെട്ടാഘോഷങ്ങൾക്കും മൃഗബലിക്കും സ്ഥാനമില്ല. ആദർശ പുരുഷന്മാരായ ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയും കാലത്ത് ഇത്തരത്തിലുള്ള ആചാരങ്ങൾ (അനാചരങ്ങൾ) നടന്നതായി വാൽമീകി രാമായണം, വ്യാസഭാരതം (മൂലം) എന്നിവയിലൊന്നും തന്നെ കാണാനില്ല.

നാടിന്റെ പ്രാദേശിക ഉൽസവങ്ങളായ ഇത്തരം വേലകളും പൂരങ്ങളും നേർച്ചകളും ജനോപകാരപ്രദവും പരിസ്ഥിതിക്ക് പോഷണവുമാകുന്ന തരത്തിൽ ചിട്ടപ്പെടുത്തി എടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായി തീർന്നിരിക്കുന്നു. ദാരിദ്ര്യവും രോഗങ്ങളും കഷ്ടപ്പാടുകളുമായി നരകസമാനം ജീവിക്കുന്നവരെ സഹായിക്കാനും സംരക്ഷണം നൽകാനുമായി ഇത്തരം ഉൽസവങ്ങളുടെ നടത്തിപ്പുമൂലം മിച്ചം കിട്ടുന്ന തുക വിനിയോഗിക്കണം. അതായിരിക്കും പരമകാരുണികനായ ഈശ്വരന് പ്രിയമായതും. വേദങ്ങളെ നിന്ദിക്കുന്നവർ – വേദവിരുദ്ധാചരണങ്ങൾ നടത്തുന്നതവർ നാസ്തികരാണ് എന്ന് മനുസ്മൃതിയിൽ പറയുന്നു. നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2-11)


**പത്രാധിപർ**

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

*– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

*തർജ്ജമ: കെ.എം. രാജൻ*

*പാഠം- 7*

## വൈദികധർമ്മത്തിലെ മുഖ്യ ശിക്ഷണങ്ങൾ

***ചോദ്യം:** ഈശ്വരവിഷയത്തേക്കുറിച്ച് വൈദികധർമ്മ ശിക്ഷണമെന്താണ് ?*

***ഉത്തരം:*** വൈദിക ധർമ്മത്തിലെ ഈശ്വരന്റെ സ്വരൂപത്തേ കുറിച്ച് നാം ഒന്നാം പാഠത്തിൽ പറഞ്ഞിട്ടുണ്ട്. ആ സർവ്വവ്യാപകനും, സർവ്വജ്ഞനും, സർവ്വശക്തിമാനുമായ ഏകേശ്വരന്റെ പൂജയാണ് ചെയ്യേണ്ടത്. മറ്റാരുടേയുമല്ല ഇത് വൈദികധർമ്മത്തിന്റെ മുഖ്യശിക്ഷണമാണ്. ആ പരമേശ്വരനേകുറിച്ച് വേദം പറയുന്നു.

.....യ ഏക ഏവ നമസ്യോ വിക്ഷ്വീഡ്യഃ (അഥർവ്വ വേദം 2.2.1)

അർത്ഥം: ഒരേ ഒരീശ്വരനേ പൂജാർഹനായിട്ടുള്ളു.

***ചോദ്യം:** അഗ്നി, മിത്രൻ, വരുണൻ തുടങ്ങി നിരവധി ദേവൻമാരേ പൂജിക്കേണ്ട വിധത്തേകുറിച്ച് വേദങ്ങളിൽ പറഞ്ഞിട്ടുണ്ട് എന്ന് ചില പണ്ഡിതർ പറയുന്നുണ്ടല്ലോ ?*

ഉത്തരം: തീർച്ചയായും ഇല്ല. അവ അസംബന്ധമാണ്. വേദങ്ങളിൽ വർണ്ണിക്കുന്ന അഗ്നി, മിത്രൻ, ബ്രഹ്മ, വിഷ്ണു, ശിവൻ തുടങ്ങിയ പദങ്ങൾ ഈശ്വരന്റെ പര്യായമാണ്. ഋഗ്വേദത്തിൽ വ്യക്തമായി പറയുന്നു ?

"ഏകം സദ്വിപ്രാ ബഹുധാ വദന്തി" (ഋഗ്വേദം 1.164.46)

ഒരേ ഒരു പരമേശ്വരനെ പണ്ഡിതൻമാർ വിവിധ നാമങ്ങളാൽ പ്രകീർത്തിക്കുന്നു. ഒരു മനുഷ്യനേ അയാളുടെ സഹോദരൻ സഹോദരനെന്നും പിതാവ് പുത്രനെന്നും പുത്രൻ പിതാവേ എന്നും മരുമകൾ അമ്മാവനെന്നും മറ്റും വിളിക്കുകന്നതുപോലെയാണ് ആയിരകണക്കിന് ഗുണവിശേഷങ്ങളുള്ള പരമേശ്വരനേ പണ്ഡിതൻമാർ ആയിരം പേരുകളാൽ പ്രകീർത്തിക്കുന്നത്. ബ്രഹ്മാവ്, വിഷ്ണു, ശിവൻ, അഗ്നി, ഇന്ദ്രൻ, മിത്രൻ, വരുണൻ തുടങ്ങിയ നാമങ്ങൾ ഇത്തരത്തിൽ അദ്ദേഹത്തിന്റെ വിവിധ ഗുണങ്ങളെ സൂചിപ്പിക്കുന്നതാണ്.

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40–2)* നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

**ചോദ്യം:** *വേദങ്ങളിൽ മൂർത്തികളുണ്ടാക്കി പൂജിക്കുന്നതിന് വിധിയുണ്ടോ ?*

ഉത്തരം: ഇല്ല, സർവ്വവ്യാപകനും സർവ്വജ്ഞനും സർവ്വശക്തിമാനും ആയ പരമേശ്വരനേ പൂജിക്കാനുള്ള ആജ്ഞയാണ് വേദങ്ങളിലുള്ളത്. അദ്ദേഹം നിരാകരനാണ്. (അകായമ്, അവ്രണമ്, അസ്നാവിരമ്-യജുർവ്വേദം 40.8). അദ്ദേഹത്തിന് ഒരു തരത്തിലുമുള്ള ശരീരമില്ല. അപ്പോൾ ശരീരം തന്നെയില്ലാത്ത പരമേശ്വരന്റെ മൂർത്തിയുണ്ടാകുന്നത് എങ്ങിനെയാണ് ?

*ന തസ്യ പ്രതിമാ അസ്തി യസ്യ നാമ മഹദ്യശഃ (യജുർവ്വേദം 32.3)*

വളരെ മഹത്തായ കീർത്തിയുള്ള സർവ്വവ്യാപകനായ പരമേശ്വരന്റെ രൂപം ഒരിക്കലും ഉണ്ടാകില്ല.

***ചോദ്യം:*** പരമേശ്വരൻ നിരാകാരനാണല്ലോ. ധർമ്മസംരക്ഷണത്തിനും അധർമ്മ നാശനത്തിനുമായി അദ്ദേഹം അവതരിക്കുമെന്ന് പലരും പറയുന്നുവല്ലോ ? ഈ വാദം ശരിയും വേദാനുകൂലവുമാണോ ?

ഉത്തരം: ഈ വാദം ശരിയുമല്ല, വേദാനുകൂലവുമല്ല. പരമേശ്വരൻ സർവ്വശക്തിമാനാണെങ്കിൽ ശരീരധാരണം ചെയ്യാതെ തന്നെ ധർമ്മസംരക്ഷണവും അധർമ്മനാശവും നടത്താനാകില്ലേ? ഈശ്വരൻ ഒരിക്കലും ജന്മമെടുക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. അദ്ദേഹം സദാ അങ്ങിനെതന്നെ സ്ഥിതി ചെയ്യുന്നു. 'അജം' അഥവാ ജന്മമില്ലാത്തത് എന്നർത്ഥത്തിലാണ് ഈശ്വരനെ വേദത്തിൽ വാഴ്ത്തിയിരിക്കുന്നത്. ഈ വിഷയത്തേക്കുറിച്ച് വേദം പറയുന്നു.

സർവ്വസ്യ ച കേവലം തസ്മൈ ജ്യേഷ്ഠായ ബ്രഹ്മണേ നമഃ।(അഥർവ്വവേദം 10.8.1)

ഏറ്റവും മഹാനായ ആ പരമേശ്വരനേ നാം നമിക്കുന്നു. അദ്ദേഹത്തിൽ സുഖം മാത്രമേയുള്ളൂ. ദുഃഖത്തിന്റെ ഒരടയാളം പോലുമില്ല. ഇക്കാര്യം മറ്റൊരു വ്യക്തിയുടെ കാര്യത്തിലും പറയാനാകില്ല. അദ്ദേഹം എത്ര തന്നെ കേമനായാലും. യഥാർത്ഥത്തിൽ ഈശ്വരകൃപയാൽ ധർമ്മാത്മാക്കളായ വ്യക്തികൾ ലോകത്തിൽ ഉണ്ടാവുകയും അവർ ജനങ്ങൾക്കു മുമ്പാകെ നല്ല ആദർശങ്ങൾ വെക്കുകയും ചെയ്യുമ്പോൾ അവരിലുള്ള ശ്രദ്ധാ ഭക്തി കാരണം ജനങ്ങളവരെ അവതാരങ്ങളായി പ്രകീർത്തിക്കാറുണ്ട്. ഈശ്വരൻ ഒരിക്കലും ശരീരധാരണം നടത്തില്ല. ശ്രീരാമനും ശ്രീകൃഷ്ണനും അത്തരത്തിൽ ജീവിച്ചിരുന്ന മഹാപുരുഷൻമാരായിരുന്നു.

***ചോദ്യം:*** *ഈശ്വരപൂജ എവിടെയാണ് എങ്ങിനെയാണ് ചെയ്യേണ്ടത് ?*

ഉത്തരം: ഈശ്വരൻ നിരാകാരനായതിനാൽ അദ്ദേഹത്തിന്റെ മൂർത്തിയു

***മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ***
***(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്***
***ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം***





ണ്ടാക്കി ആവാഹനം നടത്തുക, (മണിയടിച്ച് വിളിക്കുക), പുഷ്പങ്ങളർപ്പിക്കുക, ആരതിയുഴിയുക, ഭക്ഷണം നൽകുക, ചന്ദനലേപനം ചെയ്യുക എന്നിവ നടത്തുന്നത് വ്യർത്ഥമാണ്. അദ്ദേഹത്തിന്റെ പൂജ ഹൃദയത്തിൽ മാത്രമാണ് ചെയ്യാനാവുക. എന്തെന്നാൽ അദ്ദേഹം ഹൃദയത്തിൽ വ്യാപകനാണ്. പ്രേമത്തോടെ ഈശ്വരനെ മാതാ-പിതാ എന്നീ പേരുകളിൽ മനസ്സിലാക്കി ഭജന ചൊല്ലുന്നതും ധ്യാനം ചെയ്യുന്നതും അദ്ദേഹത്തിനുള്ള പൂജയാണ്. അതോടൊപ്പം ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ട എല്ലാ പ്രാണികളോടും പ്രേമഭാവേന വർത്തിക്കുക, അനാഥരും ദരിദ്രരും ദുഃഖിതരുമായവർക്ക് കഴിയാവുന്ന തരത്തിൽ സഹായങ്ങൾ ചെയ്യുക എന്നിവയാണ് യഥാർത്ഥ ഈശ്വരപൂജ. അതിനാലാണ് ഭഗവത്ഗീതയിൽ ശ്രീകൃഷ്ണൻ ഇങ്ങിനേ പറഞ്ഞത്.

*സ്വകർമണാ തമഭ്യർച്യ സിദ്ധിം വിന്ദതി മാനവഃ (ഭഗവത് ഗീത 18.46)*
*നല്ല കാര്യങ്ങൾ ചെയ്ത് ഈശ്വരപൂജ നടത്തി മനുഷ്യൻ*
*മുക്തിയാകുന്ന പരമാനന്ദം പ്രാപിക്കുന്നുവെന്ന്.*

***(തുടരും)***

---

***(മുൻ ലക്കത്തിന്റെ തുടർച്ച)***




## അദ്ധ്യായം 3

# അസ്യവാമീയ സൂക്തം

***(ഋഗ്വേദം 1-164)***

21. ഈ കാണുന്ന സൂര്യമണ്ഡലമുൾപ്പടെ അനേകം സൂര്യമണ്ഡലലോകങ്ങൾ ഉണ്ട്. പ്രളയകാലത്ത് എല്ലാം പരമാത്മാവിൻ ലയിക്കുന്നു. പരമേശ്വരനേ സംബന്ധിച്ച ഈ ജ്ഞാനോപദേശങ്ങൾ ഋഷികളും വിദ്വാൻമാരുമായവരിൽ നിന്ന് മനസ്സിലാക്കി സാധകരായ മനുഷ്യർ ക്രമേണ മോക്ഷം പ്രാപിക്കുന്നു. ആ പരമേശ്വരനേ ഉപാസിച്ചാലല്ലാതെ മോക്ഷം കിട്ടുകയില്ല.

***ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)***
***സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.***

## ജീവാത്മാക്കളുടെ കർമ്മ ഭൂമി

22. അനാദികാലമായി ഈ ലോകത്തിൽ സൃഷ്ടിക്കപ്പെട്ട് സ്ഥിരമായി കുറെ കാലം നിന്ന് പിന്നെ അദൃശ്യമായി പോകുന്നു. മാറി മാറി ചക്രം പോലെ ഇവ സംഭവിക്കുന്നു. ഇവയാൽ ജീവാത്മാക്കൾ അവരവരുടെ കർമ്മങ്ങൾക്കനുസരിച്ച് സുഖ-ദുഃഖങ്ങളെ അനുഭവിക്കുന്നു. ഈശ്വരന്യായപ്രകാരമാണിത് സംഭവിക്കുന്നത്. കർമ്മത്തിനും ജീവനും നിത്യമായ സമ്പർക്കമുണ്ട്. മനസ്സിനിഷ്ടപ്പെട്ട വഴിക്ക് പോകുന്നവർ എപ്പോഴും ദുഃഖിക്കുന്നു. മറിച്ച് സദാചാരശീലമുള്ളവരായി നല്ല ജീവിതം നയിക്കുന്നവർ എപ്പോഴും സുഖം അനുഭവിക്കുന്നു.

23. ഈശ്വരനെ അറിയുക, മനസ്സിലാക്കുക, ധ്യാനിക്കുക

ലോകത്തിലുള്ള വസ്തുക്കളെകുറിച്ചുള്ള ജ്ഞാനം നേടി അവയെല്ലാറ്റിനേയും സൃഷ്ടിച്ച ഈശ്വരനേയും അറിഞ്ഞു മനസ്സിലാക്കി അദ്ദേഹത്തേ എപ്പോഴും ധ്യാനിച്ച് വിദ്യയും ധർമ്മവും പ്രചാരം ചെയ്ത് അവയുടെ രക്ഷകനായി യത്നിക്കുന്നവർ മോക്ഷസുഖം അനുഭവിക്കുന്നു.

## വേദം രചിച്ചത് ഈശ്വരൻ തന്നെ

24. ഈ ജഗദീശ്വരൻ തന്നെയാണ് വേദത്തിന്റെ അക്ഷരം, പദം, വാക്യം, ഛന്ദസ്സ്, സ്വരം എന്നിവയുടെയെല്ലാം രചയിതാവ്. ഇത് മനസ്സിലാക്കി എല്ലാ മനുഷ്യരും ആ പരമജ്ഞാനിയായ ഈശ്വരനോട് നന്ദിയുള്ളവരാകുക.

## ജീവാത്മാവും പരമാത്മാവും

25. ജീവാത്മാക്കൾക്കുവേണ്ടി ഈ ലോകത്തെ ഈശ്വരൻ സൃഷ്ടിച്ചു. നദികൾ, സമുദ്രങ്ങൾ എന്നിവയുണ്ടാക്കി. സൂര്യന്റെ ആകർഷണശക്തികാരണം ഈ ലോകങ്ങൾ സ്ഥിരമായി നിൽക്കുന്നു. ആ സൂര്യനേയും ഈശ്വരശക്തി താങ്ങി നിർത്തുന്നു. ജീവാത്മാക്കളുടെ പാപ-പുണ്യകർമ്മങ്ങൾക്കനുസരിച്ച് ഫലം നൽകുന്നത് പരമാത്മാവ് തന്നെയാണ്. ആ പരമേശ്വരശക്തി എല്ലാറ്റിനേക്കാളും മഹത്തുമാണ്.

*(തുടരും)*

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



ചോദ്യം 8: ഈശ്വരൻ എന്തിനാണ് സൃഷ്ടി നടത്തുന്നത് ?

ഉത്തരം: പരമാത്മാവ്, ജീവാത്മാവ്, പ്യകൃതി എന്നിവ അനാദിയും അന്തമില്ലാത്തതും. വിനാശമില്ലാത്തതുമാണ് (അഥർവ്വം 11/3/30) ഈശ്വരൻ തന്റെ വൈഭവം കൊണ്ട് എല്ലാ സ്ഥൂലജഗത്തിനേയും സൃഷ്ടിച്ച് പ്രളയ സമയത്ത് എല്ലാറ്റിനേയും സൂക്ഷ്മ കാരണത്തിലേക്ക് ലയിപ്പിക്കുന്നു. സ്ഥൂല ജഗത്തിൽ ജീവാത്മാക്കൾക്ക് സ്ഥൂല ശരീരം മുക്തിക്ക് കാരണമായി ഭവിക്കുന്നു (അഥർവ്വം. 31.3.31) ജീവാത്മാക്കളുടെ നന്മക്കായി ഈശ്വരൻ തന്റെ സർവ്വജ്ഞതയാൽ പ്രകൃതിയിൽ നിന്ന് സൃഷ്ടിയുടെ നിർമ്മാണം നടത്തുന്നു.

**ഉദ്ധേദതി ശ്രുതാമധം വൃഷഭം നര്യാപസം (ഋഗ്വേദം 8.93.1)**

അൽപ്പജ്ഞനായ ജീവാത്മാവിന് സൃഷ്ടികർമ്മം നടത്തുന്നതിനോ കർമ്മഫലങ്ങളെ ന്യായപൂർവ്വം നൽകുന്നതിനോ സ്വീകരിക്കുന്നതിനോ സാധിക്കുകയില്ല. ഈശ്വരൻ സർവ്വജ്ഞനും സമ്പൂർണ്ണനുമാണെന്നിരിക്കേ അദ്ദേഹത്തിന് എന്തുകൊണ്ട് സൃഷ്ടി രചന നടത്തിക്കൂടാ ? ഇതിനാൽ ഈശ്വരന്റെ സ്വന്തം യോഗ്യതയാണ് സഫലമാകുന്നത്. ആനന്ദസ്വരൂപനായ അദ്ദേഹം എവിടെയാണ് ഈ സന്തോഷത്തെയെല്ലാം പ്രസരിപ്പിക്കുക ? സൃഷ്ടി രചനയിലൂടെയാണ് മൂന്ന് അനാദിതത്ത്വങ്ങളും സഫലീകൃതമാകുന്നത്. സൃഷ്ടിയില്ലെങ്കിൽ ഈ മൂന്നു തത്ത്വങ്ങളും ഉപയോഗശൂന്യമായിതീരുന്നു.

സൃഷ്ടിയിലൂടെ ജീവാത്മാക്കൾക്ക് ശരീരം ലഭിക്കുന്നു. കർമ്മങ്ങളുടെ ഫലസ്വരൂപമായ പ്രകൃതി (സൃഷ്ടി) തന്നെ ഭോഗം പ്രദാനം ചെയ്യുന്നു. ഈശ്വരീയ ആനന്ദത്തേ പ്രാപിക്കുന്നതിനും സഹായിക്കുന്നു. അതായത് ഭോഗത്തിന്റെയും യോഗത്തിന്റെയും കാരണം പ്രകൃതിയുണ്ടാക്കുന്നു. ജീവാത്മാക്കൾക്ക് തങ്ങളുടെ പരമലക്ഷ്യമായ മോക്ഷപ്രാപ്തിയിലെത്താൻ സൃഷ്ടി

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa***
***(Atharva Veda 3.30.3) Let not a brother hate his brother and***
***let not a sister hate her sister***

നിർമ്മാണം അത്യന്താപേക്ഷിതമാണ്.

ചോദ്യം 9: സൃഷ്ടി രചന നടത്തുന്നതും പ്രളയം നടത്തുന്നതും ഈശ്വരൻ തന്നെയെന്നതിന് എന്താണ് പ്രമാണം ?

ഉത്തരം: ഈശ്വരൻ സ്വന്തം സാമർത്ഥ്യം കൊണ്ട് എല്ലാ സ്ഥൂല ജഗത്തിനേയും നിർമ്മിക്കുകയും പ്രളയസമയത്ത് എല്ലാറ്റിനേയും സൂക്ഷ്മകാരണത്തിലേക്ക് ലയിപ്പിക്കുകയും ചെയ്യുന്നു. ജീവാത്മക്കൾക്ക് സ്ഥൂലജഗത്തിൽ സൂക്ഷ്മ ശരീരം മുക്തിയുടെ സാധനമായി തീരുന്നു. (അഥർവ്വം 31.3.31)

അഥർവ്വേദം (8.5.9) 1 മുതൽ 26 വരെയുള്ള മന്ത്രങ്ങൾ ഈശ്വരൻ തന്നെയാണ് സൃഷ്ടി നടത്തുന്നത് എന്നുള്ളതാണ്.

*വിശ്വസ്യ ഭുവനസ്യ രാജാ (ഋഗ്വേദം 5.85.3)*

ഈശ്വരൻ തന്നെയാണ് സകല ലോകങ്ങളുടേയും രാജാവ്. സാകം സൂര്യ ജനയന് ദ്യാമുഷാസം (ഋഗ്വേദം 6.30.5) ഈശ്വരൻ തന്നെയാണ് സൂര്യൻ. ദ്യുലോകം എന്നിവ സൃഷ്ടിച്ചത്. സർവ്വബ്രഹ്മാണ്ഡത്തിന്റെയും രചയിതാവ് അദ്ദേഹമാണെന്ന് സാരം.

യ ഇമേ ദ്യാവാപൃഥിവീ ജജാന (ഋഗ്വേദം 4.56.3)
പരമാത്മാവാണ് ദ്യാവാപൃഥിവിയേ നിർമ്മിച്ചത്.

പൃഥിവീമപ്രധയസ്തദസ്തമ്നാ ഉതദ്യാമ് (ഋഗ്വേദം 8.89.5) അഥർവ്വവേദം (13-2) 1 മുതൽ 46 വരെയുള്ള മന്ത്രങ്ങൾ അർത്ഥമാക്കുന്നതും ഈശ്വരൻ തന്നെയാണ് ഈ ലോകം സൃഷ്ടിച്ചിരിക്കുന്നത് എന്നാകുന്നു.

*(തുടരും)*

*വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!*
*ദയാനന്ദ സന്ദേശം വൈദിക മാസിക, സത്യ - സനാതന - വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ വൈദിക സിംഹഗർജ്ജനം!*
*ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*
*വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.*
*വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : കാര്യദർശി, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് - 679 504 ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.*
**Arya Samajam**
**Bank Account No: 4264000100071490, IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി



**അ**ദ്ദേഹം അവശനായി കഴിഞ്ഞിരുന്നു. വാതരോഗം പിടിപെട്ട് പടിഞ്ഞാറ്റിയുടെ താഴെയുള്ള വടക്കേ അറയിലാണ് കിടന്നിരുന്നത്. അച്ഛന്റെ കുളി മുട്ടി. അതുകൊണ്ട് വെളുപ്പാൻ കാലത്ത് 4 മണിക്കുളിയിൽ നിന്ന് ഞാൻ രക്ഷപ്പെട്ടു. എങ്കിലും സഹസ്രനാമം മുറപോലെ നടക്കുന്നുണ്ട്. ഒരു ദിവസം രാത്രി ജോലികളെല്ലാം തീർത്ത് വന്ന് അച്ഛൻ കിടക്കുന്ന കട്ടിലിന്റെ താഴത്ത് നിലത്ത് പായവിരിച്ച് എന്നേയും അടുത്ത് കിടത്തി കിടക്കുകയായിരുന്നു അമ്മ. ഞാനുറങ്ങിയിട്ടുണ്ടായിരുന്നില്ല.

"ഏയ് താനുറങ്ങിയോ ?" അച്ഛൻ എന്റെ ഭാവിയേപറ്റി ചിന്തിക്കുകയായിരുന്നു.

"ഇല്ല്യാ, ഉം എന്താ, വേദനയോ മറ്റോ ഉണ്ടോ ?" അമ്മ എണീറ്റിരുന്നു.

"അതല്ലാ ഞാൻ ഇയാളുടെ കാര്യമാലോചിക്ക്യാ. ഞാൻ പോയാൽ - ഇവനെ ഓത്തു ചൊല്ലിക്കാനും അത്യാവശ്യം പഠിപ്പിക്കാനും മറ്റും പിന്നാരാ ? എനിക്കുറക്കം വരുന്നില്ലാ നിരീച്ചിട്ട് - ചിന്താവിഷ്ടനായി മേലോട്ട് നോക്കി കണ്ണുകളടച്ച് കൈകൂപ്പി."

"ചിന്തവേണ്ട അസ്വസ്ഥത കൂട്ടുമത്. വൈദ്യമഠം വരൂലോ നാളെ.. വേണ്ടാ അതൊന്നും ചിന്തിക്കണ്ട. ഈശ്വരനേ പ്രാർത്ഥിക്കൂ. ഇപ്പോ വേണ്ടത താണ്."

അച്ഛൻ കൺമിഴിച്ച് കിടക്കുന്നത് ഉറങ്ങികഴിയാത്ത ഞാൻ ഓട്ടകണ്ണിട്ടു കണ്ടു.

ചാത-ജാതവേദൻ-പറ്റില്യ. അയാൾക്ക് ശുണ്ഠി മൂക്കത്താ. തല്ലിചതക്കും. ശങ്കരനാരായണൻ മതി. അല്ലേ ? ന്നാൽ കുറച്ചു ഭേദമുണ്ടാകുമെന്നാണ് തോന്ന്ണ്. തന്റെ സ്വഭാവക്കാരൻ തന്നെയാണ് "ചാത" എന്ന സത്യം ഓർക്കാതെ അച്ഛൻ പ്രമേയമവതരിപ്പിച്ചു.

"എന്തിനാ ആവശ്യമില്ല്യാത്തതൊക്കെ വിചാരിച്ച് വിഷമിക്കുന്നത് ?" ഇപ്പോ അത്രയ്ക്കൊന്നുമായില്ല. നാമം ജപിച്ചോളൂ. വരുമ്പോൾ നോക്കാം." അമ്മ സമാശ്വസിപ്പിച്ചു.

*(തുടരും)*

***വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9. 23)***
***എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*

## നാലാം പ്രഭാഷണം (ധർമ്മാധർമ്മം)




(10-7-1875 ന് ശനിയാഴ്ച ധർമ്മാധർമ്മമെന്ന വിഷയത്തേക്കുറിച്ച് സ്വാമി ദയാനന്ദ സരസ്വതിയുടെ പ്രഭാഷണത്തേ അടിസ്ഥാനമാക്കിയുള്ള ചോദ്യോത്തരങ്ങൾ (08.07.1875 വ്യാഴാഴ്ച നടന്ന പ്രഭാഷണത്തേ അടിസ്ഥാനമാക്കിയാണിത്.)

ചോദ്യം: വേദങ്ങളിൽ മന്ത്രമയിദേവതകളെയാണോ വിഗ്രഹവതി ദേവതകളേയാണോ പ്രതിപാദിച്ചിരിക്കുന്നത് ? അവയവങ്ങളോടു കൂടിയ ദേവതകളില്ലാതെ എങ്ങിനെയാണ് അജ്ഞാനികളായ ജനങ്ങൾ ഈശ്വരാരാധന നടത്തുക ? ധർമ്മത്തേക്കുറിച്ച് അവർക്ക് മനസ്സിലാക്കാനും പ്രാവർത്തികമാക്കാനും കഴിയുന്നതെങ്ങനെ ?

ഉത്തരം: വേദങ്ങളിൽ മൂന്നുകാണ്ഡങ്ങളുണ്ട്. ഉപാസന, കർമ്മം, ജ്ഞാനം എന്നാൽ ഉപാസനാകാണ്ഡത്തിൽ ഉപാസനയേകുറിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത് എന്നിതിനർത്ഥമില്ല. ഉപാസനാകാണ്ഡത്തിൽ ഉപാസനയാണ് മുഖ്യവിഷയം. അതേ സമയം ജ്ഞാനത്തേയും കർമ്മത്തേയും കുറിച്ച് വിവരിക്കുന്നുണ്ട്. ഇത് തന്നെയാണ് മറ്റു കാണ്ഡങ്ങളുടേയും സ്ഥിതി.

മീമാംസാ ശാസ്ത്രം തുടങ്ങുന്നത് 'അഥാതോ ധർമ്മ ജിജ്ഞാസാ' എന്നാണ്. കർമ്മവിചാരമാണിതിൽ. ഇവയിൽ 'അഥ' "അതഃ" എന്നീ രണ്ടു ശബ്ദങ്ങളുടെ അർത്ഥം മനസ്സിലാക്കുന്നതിന് എനിക്ക് വളരെ പരിശ്രമിക്കേണ്ടി വന്നു. വിവിധ ഗ്രന്ഥങ്ങളിൽ വ്യത്യസ്തങ്ങളായ പദ്ധതികളെകുറിച്ചാണ് പറയുന്നത് എന്ന് ചിലർ പറയുന്നു. എന്നാൽ ഇതു ശരിയല്ല. ആശ്വാലായനൻ പറയുന്ന വ്യവസ്ഥ ശരിയാണ്. അത് നോക്കണം. വേദമന്ത്രാനുകൂലമായല്ല ഇക്കാലത്ത് ചടങ്ങുകൾ (ക്രിയകൾ) നടക്കുന്നത്. എന്തെന്നാൽ ജൈമിനി മഹർഷി കർമ്മകാണ്ഡത്തിൽ മന്ത്രമയി ദേവതകളേകുറിച്ച് പറയുന്നുണ്ട്. (ജൂലായ് 8 ന് വ്യാഴാഴ്ച നടത്തിയ പ്രവചനത്തിൽ (മൂന്നാം പ്രഭാഷണം) ഇക്കാര്യം പറയുന്നുണ്ട്. സ്നാതകൻ അഥവാ യോഗ്യനായ വ്യക്തിക്കാണ് കർമ്മാനുഷ്ഠാനത്തിനുള്ള അധികാരം. അതിന്നർത്ഥം പാമരനായ ഒരാൾക്ക് ഇതിനുള്ള യോഗ്യതയില്ല എന്നാണ്. മന്ത്രമയി ദേവതകൾക്കാണ് കർമ്മകാണ്ഡത്തിൽ സ്ഥാനമെങ്കിൽ വിഗ്രഹവതി ദേവതകൾക്കവിടെ പ്രവേശിക്കാനാവില്ല.

ഉപാസനാദികൾക്ക് അടിസ്ഥാനം യോഗശാസ്ത്രമാണ്. കർമ്മകാണ്ഡത്തിന് മീമാംസാ എന്നതു പോലെ. എന്നാൽ യോഗശാസ്ത്രത്തിൽ വിഗ്രഹാരാധനാ വിഷയത്തേകുറിച്ച് ഒന്നും പറയുന്നില്ല. ജ്ഞാനകാണ്ഡത്തിൽ വിഗ്രഹത്തിന്റ് ആവശ്യവും വരുന്നില്ല എന്ന് ഏവരും സമ്മതിക്കുന്നതുമാണ്. ജൈമിനി, വ്യാസൻ, പതഞ്ജലി എന്നിവരുടെ കാഴ്ചപ്പാടിൽ 'വിഗ്രഹാരാധന' എന്ന ആരാധനാരീതി വരുന്നില്ല. പൂർവ്വമീമാംസ, യോഗശാസ്ത്രം, ഉത്തരമീമാംസ അഥവാ വേദാന്തശാസ്ത്രം ഇവയിലൊന്നും വിഗ്രഹാരാധനയുടെ കാര്യമേ പരാമർശിക്കുന്നില്ല.

സ്മൃതി ഗ്രന്ഥങ്ങൾ ശ്രുതി-വേദങ്ങളിൽ നിന്ന് പ്രചോദനം കിട്ടിയവയാണെന്നും അത്തരം സ്മൃതി ഗ്രന്ഥങ്ങളിൽ വിഗ്രഹാരാധനയേ അനുകൂലിക്കുന്ന ഭാഗങ്ങൾ ഉണ്ടെന്ന് ചിലർ വാദിച്ചെന്നു വരാം (സ്മൃതികളുടെ ശ്രുതി മൂലത്വത്തേക്കുറിച്ച് ജൈമിനി മഹർഷി *'വിരോധേ ത്വനപേക്ഷ്യം സ്യാത് അസതിഹ്യനുമാനമ്'* (1.3.3) പറയുന്നു. എന്നാൽ ശ്രുതിക്ക് വിരുദ്ധമായ സ്മൃതികൾ പ്രമാണാർഹമല്ലാ എന്നത് മുഖ്യസിദ്ധാന്തമാണ്.) വിഗ്രഹാരധനയേകുറിച്ച് ഇന്നു ലഭ്യമായ ശ്രുതികളിലൊന്നും ഇല്ലാ എങ്കിലും നഷ്ടപ്പെട്ടതായ ശ്രുതികളിൽ അവ പറഞ്ഞിട്ടുണ്ടാവും അതിനാൽ വിഗ്രഹാരാധന ചെയ്യണം എന്ന് ചിലർ പറയുന്നുണ്ട്. ഇത്തരത്തിൽ ശ്രുതിയേകുറിച്ചും സ്മൃതിയേകുറിച്ചുമുള്ള ബന്ധത്തേ ചൂണ്ടികാട്ടി ഇന്ന് ലഭ്യമല്ലാത്ത ശ്രുതി ഗ്രന്ഥങ്ങളിൽ വിഗ്രഹാരാധനയേകുറിച്ച് പരാമർശിക്കുന്നുണ്ട് എന്ന് പറയുന്നത് വിഡ്ഢിത്തമാണ്.

***(തുടരും)***

## ആര്യവീർ ദളം – ബാലപംക്തി

**ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



**19-ാം** നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം. അവിദ്യയുടെയും അനാചാരങ്ങളുടെയും കാർമേഘങ്ങൾ വേദ സൂര്യനെ മറച്ചുകൊണ്ടിരിക്കുന്നു. ഭാരതീയ പൈതൃകത്തേയും സംസ്കാരത്തേയും തകിടം മറിക്കുന്നതിന് വേണ്ടി മെക്കോളെ പ്രഭുവിന്റെ വിദ്യാഭ്യാസ പദ്ധതി തകൃതിയായി പ്രചരിച്ചുകൊണ്ടിരിക്കുന്നു. വൈദിക ധർമ്മം (ഹിന്ദുധർമ്മം) അനാചാരങ്ങളിലകപ്പെട്ട് നാശോന്മുഖമായികൊണ്ടിരിക്കുന്നു. വിദേശയാത്ര നടത്തിയാൽ ധർമ്മഭ്രഷ്ടനായി. താഴ്ന്ന ജാതിക്കാരെന്ന് പറയപ്പെടുന്നവരെ തൊട്ടുപോയാൽ ധർമ്മഭ്രഷ്ടൻ ! മുസ്ലീങ്ങളിൽ നിന്ന് ഭക്ഷണം സ്വീകരിച്ചാൽ അയാൾക്ക് ഹിന്ദുധർമ്മത്തിൽ സ്ഥാനം ഇല്ല. ധാർമ്മിക കേന്ദ്രങ്ങളിലും ക്ഷേത്രങ്ങളിലും കപട ബ്രാഹ്മണരുടെ ക്രൂര കേളികൾ! ബാലവിധവകളുടെ ദയനീയ രോദനങ്ങൾ ! അനാഥരായ കുട്ടികളുടെ ശോചനീയമായ അവസ്ഥ ! ശൈശവ വിവാഹങ്ങൾ വ്യാപകമായി നടക്കുന്നു. "നാരീ നരകസ്യ ദ്വാരം" എന്ന് പറഞ്ഞ് ശങ്കരാചാര്യന്മാർ സ്ത്രീകളെ നരകത്തിന്റെ പ്രവേശനകവാടമെന്ന് വിശേഷിപ്പിക്കുന്നു. ഭർത്താവ് മരണപ്പെട്ടാൽ ഭാര്യയെ ജീവനോടെ ചിതയിലേക്ക് എടുത്ത് ചാടാൻ നിർബന്ധിക്കുന്നു. പെൺകുട്ടി

***ഓം ആ നോ ഭദ്രാഃ കൃതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)***
***ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ***

***ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും***

കളെ ജനന സമയത്ത് തന്നെ വധിക്കുന്നു. ശൂദ്രന്മാർ എന്ന് പറയപ്പെടുന്നവരുടെ സ്ഥിതിയും വളരെ പരിതാപകരം. യജ്ഞങ്ങളിലും താന്ത്രിക കർമ്മങ്ങളിലും മിണ്ടാപ്രാണികളുടെയും മനുഷ്യകുഞ്ഞുങ്ങളുടെ പോലും ബലി നിർബാധം നടക്കുന്നു.

ഈ അന്ധകാരാവസ്ഥയിലാണ് ഒരു മഹാപുരുഷന്റെ ഉദയമുണ്ടായത്. ഗൗതമൻ, കണാദൻ, കപിലൻ, കുമാരിലഭട്ടൻ എന്നിവരുടെ പാണ്ഡിത്യവും ഹനുമാൻ, ഭീഷ്മർ എന്നിവരുടെ ബ്രഹ്മചര്യനിഷ്ഠയും ശങ്കരാചാര്യരുടേതുപോലുള്ള യോഗശക്തിയും ഭീമന് തുല്യമായ ബലവും ശ്രീബുദ്ധന്റേതിനു സമാനമായ ത്യാഗ-വൈരാഗ്യങ്ങളും പതഞ്ജലി, വ്യാസൻ എന്നിവരുടേതുപോലുള്ള ആദ്ധ്യാത്മികതയും ഛത്രപതി ശിവജി, ഗുരു ഗോവിന്ദ സിംഹൻ എന്നിവരുടേതുപോലുള്ള നീതിവ്യവസ്ഥയും മഹാറാണാപ്രതാപന്റേതുപോലുള്ള പ്രതാപവും, തേജസ്സും ഒത്തിണങ്ങിയ യുഗപുരുഷനായ മഹർഷി ദയാനന്ദ സരസ്വതി ഭാരത നഭോമണ്ഡലത്തിലുയർന്ന അവിദ്യാന്ധകാരത്തെ തുടച്ചുമാറ്റാനായി രംഗപ്രവേശം ചെയ്തു. ഡോ.എസ്. രാധാകൃഷ്ണൻ, മഹർഷി അരവിന്ദൻ, രവീന്ദ്രനാഥടാഗോർ, മഹാത്മാഗാന്ധി, ആനിബസന്റ് തുടങ്ങി ദേശീയരും വിദേശിയരുമായ നിരവധി പ്രമുഖർ മഹർഷി ദയാനന്ദനെ പ്രകീർത്തിച്ചിട്ടുണ്ട്. നവോത്ഥാന നായകനായിരുന്ന മഹർഷി ദയാനന്ദസരസ്വതിയുടെ ജീവിതവും പ്രവർത്തനങ്ങളും സംക്ഷിപ്തമായി പരിചയപ്പെടുത്തുകയാണിവിടെ.

**ജനനം**

ഗുജറാത്തിലെ 'മോർവി'യിലെ 'ടംകാര' എന്ന ഗ്രാമത്തിൽ തഹസിൽദാരായിരുന്ന കർഷൻജി ലാൽജി തീവാരിയുടെ പുത്രനായി വിക്രമാബ്ദം 1881 ഫാൽഗുന കൃഷ്ണ ദശമി (ക്രിസ്തുവർഷം 1825 ഫെബ്രുവരി 12 ശനിയാഴ്ച) ദിനത്തിൽ ആയിരുന്നു അദ്ദേഹത്തിന്റെ ജനനം. 'മൂൽശങ്കർ' എന്നാണ് ഈ ബാലന് പേരിട്ടത്.

കുലപരമ്പരയനുസരിച്ച് അഞ്ചാമത്തെ വയസ്സിൽ മൂൽശങ്കരന് 'വർണ്ണ ശിക്ഷാ പഠനം' ആരംഭിച്ചു. വളരെ വേഗത്തിൽ മൂൽശങ്കർ നിരവധി വേദമന്ത്രങ്ങൾ കണ്ഠസ്ഥമാക്കി. എട്ടാമത്തെ വയസ്സിൽ ഉപനയന സംസ്കാരത്തിനുശേഷം യജുർവ്വേദ പഠനമാരംഭിച്ചു.

*(തുടരും)*

## സത്യപ്രകാശം വൈദിക ശിൽപ്പശാല ജനുവരി 26 ന്

**"പരംപൊരുളൊന്നേ രണ്ടില്ലാ ഉൺമയുമൊന്നേ പലതില്ലാ"**
**(ഛാന്ദോഗ്യ ഉപനിഷത്ത്)**

ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ജനവരി 26 ന് ഒറ്റപ്പാലത്ത് വെച്ച് 'സത്യപ്രകാശം' എന്ന വൈദിക ശിൽപ്പശാല സംഘടിപ്പിക്കുന്നു. ജിജ്ഞാസുക്കളും സത്യാന്വേഷികളുമായ യുവതീ യുവാക്കൾക്ക് വേണ്ടി നടത്തുന്ന ഈ ശിൽപ്പശാല ജനവരു 26 ന് കാലത്ത് 8 മുതൽ വൈകീട്ട് 4 വരെ ഉണ്ടായിരിക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ജനുവരി 20 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമെ പ്രവേശനം ലഭിക്കുകയുള്ളു. ബന്ധപ്പെടുക:9562529095.

*നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)*

*വേദങ്ങളെ നിന്ദിക്കുന്നവർ – വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## അവയവദാന ബോധവത്കരണ ക്ലാസ്സ്

ആര്യസമാജത്തിന്റെയും ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ 2013 ഡിസംബർ 2 ന് വൈകീട്ട് 4 മണിക്ക് വെള്ളിനേഴി ജി.എൽ.പി സ്കൂളിൽ വെച്ച് അവയവദാന ബോധവത്കരണ ക്ലാസ് നടത്തി. ഡോ. (പ്രൊഫസർ) ശശികുമാർ നെച്ചിയിൽ, എം.ഡി യുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ റെഡ്ക്രോസ് സൊസൈറ്റിയുടെ ജില്ലാ സെക്രട്ടറി ശ്രീ. വി.പി. മുരളീധരൻ, ശ്രീ. ജോൺസൺ, ശ്രീമതി. ശാന്തകുമാരി എന്നിവർ ക്ലാസ്സുകളെടുത്തു. നിരവധി പേർ അവയവദാന സമ്മതപത്രം ഒപ്പിട്ടു നൽകി. ശ്രീ. വി. ഗോവിന്ദദാസ് സ്വാഗതവും പി. ശിവശങ്കരൻ നന്ദിയും രേഖപ്പെടുത്തി.

## ഹർത്താൽ അവകാശമോ? തുറന്ന സംവാദം

അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമായ ഡിസംബർ 10 ന് ആര്യസമാജത്തിന്റെ നേതൃത്വത്തിൽ വെള്ളിനേഴി എൻ.എസ്.എസ്. ഓഡിറ്റോറിയത്തിൽ വെച്ച് 'ഹർത്താൽ അവകാശമോ ?' എന്ന വിഷയത്തെ ആസ്പദമാക്കി തുറന്ന സംവാദം നടന്നു. ശ്രീ. വി.എൻ. ശങ്കരനാരായണൻ മോഡറേറ്ററായ യോഗത്തിൽ അഡ്വ.പി. മനോജ് വിഷയാവതരണം നടത്തി. സംഘടിത ന്യൂനപക്ഷം അസംഘടിത ബഹുജനങ്ങൾക്കു മേൽ അടിച്ചേല്പിക്കുന്നതാണ് ഇന്ന് കാണപ്പെടുന്ന ഹർത്താൽ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജനാധിപത്യ വ്യവസ്ഥയിൽ നീതിനിഷേധങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ അവകാശം ഉണ്ടെന്നും എന്നാൽ അവ ദേശഹിതത്തെ ലക്ഷ്യമാക്കി സഗുണാത്മകമായ വിധത്തിൽ ആയിരിക്കണമെന്നഭിപ്രായമാണ് ചർച്ചയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നത്. സാധാരണ ജനങ്ങൾക്കു പുറമെ വിവിധ സംഘടനകളെ പ്രതിനിധീകരിച്ചുള്ളവരും ചർച്ചയിൽ സജീവമായി പങ്കെടുത്തു.

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | ബ്രഹ്മയജ്ഞം അഥവാ സന്ധ്യോപാസന | – | ₹ 10 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95 |
| (3) | അഗ്നിഹോത്ര വിധി (സ്റ്റോക്ക് പരിമിതം) | – | ₹ 20 |
| (4) | ആര്യോദയം | – | ₹ 10 |
| (5) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10 |
| (6) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10 |
| (7) | വൈദിക നിത്യകർമ്മ വിധി | – | ₹ 20 |
| (8) | Vedas in Story form and Chaturvarnyam | – | ₹ 35 |

(പോസ്റ്റേജ് ചിലവ് പുറമെ)

*മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)*

*ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ*